**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല - തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. പി.കെ. ബാലസുബ്രഹ്മണ്യൻ (റിട്ട.)- ന് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1049/2026/LSGD** തീയതി,തിരുവനന്തപുരം, **23-05-2026**

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **03/11/2025** തീയതിയിലെ **LSGD/PD/9785/2023-VIGE1** നമ്പർ കത്ത്.
2. സർക്കാരിന്റെ **18/12/2025** തീയതിയിലെ ഇബി3/**182/2025**/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ **08/01/2026** ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **27/03/2026** തീയതിയിലെ **LSGD/PD/9785/2023-VIGE1** നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്ത് ഓഫീസിൽ ശ്രീ. കെ. ജെ ജോസഫ്, ക്ലാർക്കായി ജോലി ചെയ്തു വരവെ **10.11.2006** ന് ശ്രീ. ഷാജി തൊട്ടിയിൽ എന്നയാളുടെ പക്കൽ നിന്നും കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിജിലൻസ് കോടതി ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും രണ്ട് വർഷം കഠിന തടവും **5,000/-** രൂപ പിഴയും വിധിക്കുകയുണ്ടായി. ക്രിമിനൽ കേസിൽ ശിക്ഷിച്ചതിനാൽ ടിയാനെതിരെ സർക്കാർ അച്ചടക്കനടപടി ആരംഭിക്കുകയും സസ്പെൻഷനിൽ തുടർന്നിരുന്ന ടിയാനെ **24.06.2013** തീയതി പ്രാബല്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ സംഭവിച്ച വീഴ്ച കാരണം ടിയാന് തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും **2021** ആഗസ്റ്റ് മാസം വരെ ഉപജീവനബത്ത നൽകിയ സാഹചര്യമുണ്ടായത് തിരുനെല്ലി ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നതിന് ഇടവരുത്തി. ആയതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. പി.കെ. ബാലസുബ്രഹ്മണ്യന്റെ ഭാഗത്തു നിന്നും ഗുരുതരമായ മേൽനോട്ടക്കുറവും വീഴ്ചയും സംഭവിച്ചിട്ടുള്ളതായി കണ്ട് **1960**-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ടിയാനെതിരെ കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായും ടിയാൻ മറുപടി സമർപ്പിക്കുകയും ചെയിതിരുന്നു.

2. ശ്രീ. പി.കെ.ബാലസുബ്രഹ്മണ്യനെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി തുടർന്നുവരവെ അന്യത്ര സേവന വ്യവസ്ഥയിൽ വയനാട് ജില്ല കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ (എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക) തസ്തികയിൽ നിന്നും **31.08.2025** -ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ് ആർ പാർട്ട് **III** പ്രകാരം ടിയാനെതിരെ കർശനനടപടിക്ക് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(1)** പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുമുണ്ടായി.

3. തുടർന്ന്, വകുപ്പിലെ ഒരു ജീവനക്കാരനെ കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്യുകയും സർവ്വീസിൽ നിന്ന് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ സംഭവിച്ച വീഴ്ച കാരണം ടിയാന് തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും **2021** ആഗസ്റ്റ് മാസം വരെ ഉപജീവനബത്ത നൽകിയ സാഹചര്യമുണ്ടാകുകയും ആയത് തിരുനെല്ലി ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നതിന് ഇടയാക്കുകയും ചെയ്തതിന് ഉത്തരവാദികളായവരിൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന **31.08.2025** -ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ യ്ക്ക് എതിരെ **KSR Part III Rule 3(a)** പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **750/-** രൂപ വീതം **5** വർഷത്തേക്ക് കുറവ് വരുത്തുവാൻ സർക്കാർ താൽക്കാലികമായി തിരുമാനിച്ച് പരാമർശം **(2)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടിസിന് ടിയാൻ പരാമർശം **(3)** പ്രകാരം സമർപ്പിച്ച മറുപടിയിൽ ചുവടെ പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചിരുന്നു.

*ശ്രീ. കെ. ജെ. ജോസഫ്-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത **11/03/2016**-ലെ സ.ഉ.(സാധാ) നം. **1237/2016**/തസ്വഭവ ഉത്തരവ് കൈപ്പറ്റിയ സെക്ഷൻ ക്ലാർക്കിന്റെ നടപടികൾക്കായുള്ള കുറിപ്പ് ഫയലിൽ, ടിയാൻ ഹൈക്കോടതിയിൽ നല്കിയ അപ്പീലിൽ വിജിലൻസ് കോടതി ശിക്ഷ മരവിപ്പിച്ചിട്ടുണ്ട് എന്നും അതിനാൽ തത്കാലം നടപടികൾ ഒന്നും എടുക്കേണ്ടതായി കാണുന്നില്ല എന്നും രേഖപ്പെടുത്തിയതായും കണ്ടു. അത് ഓഫീസ് മേധാവിയായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശരി വച്ചതായും ഉണ്ട്. വിജിലൻസ് കോടതിയുടെ ശിക്ഷാവിധി ബഹു. ഹൈക്കോടതി മരവിപ്പിച്ച സാഹചര്യത്തിൽ തുടർ നടപടികൾ എല്ലാം മരവിച്ചതായി വരുമെന്ന് മനസ്സിലായി അതിനാലാണ് സർക്കാർ പിരിച്ചു വിട്ടതിനുശേഷവും ഉപജീവനബത്ത നൽകുന്നത് എന്നും, പെർഫോർമൻസ് ആഡിറ്റിന്റെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിലും ശ്രീ. കെ.ജെ. ജോസഫിന് ഉപജീവനബത്ത നല്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു പരാമർശവും ഉണ്ടായിട്ടില്ല എന്നും കണ്ടു. ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഉപജീവനബത്ത വാങ്ങുന്നത് തെറ്റല്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് ഞാൻ ജൂനിയർ സൂപ്രണ്ടായി ചുമതല ഏൽകുന്നതിന് മുമ്പ് മുതൽ തന്നെ ശ്രീ. കെ.ജെ. ജോസഫിന് ഉപജീവനബത്ത നൽകുന്നത് എന്ന് മനസ്സിലായി. **24.06.2013** മുതൽ ശ്രീ.കെ.ജെ ജോസഫിന് തിരുനെല്ലി പഞ്ചായത്തൽ നിന്നും ഉപജീവനബത്ത നല്കുന്നതിൽ ആരും എതിർപ്പ് രേഖപ്പെടുത്താത്ത പശ്ചാത്തലത്തിലാണ് ഈ നടപടി തുടർന്നുപോകത്തക്ക വിധത്തിലുള്ള മറുപടി തിരുനെല്ലി പഞ്ചായത്ത് പ്രസിഡണ്ടിന് നൽകിയ കത്ത് കരട് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തത്.*

5. ശ്രീ. പി.കെ. ബാലസുബ്രഹ്മണ്യന്റെ മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം

(4) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*11/03/2016-ലെ സ.ഉ.(സാധാ) നം. 1237/2016/തസ്വഭവ ഉത്തരവ് പ്രകാരം 24/06/2013 മുതൽ മുൻകാല പ്രാബല്യത്തോടെ ശ്രീ. കെ.ജെ. ജോസഫിനെ സർവീസിൽ നിന്നും ഔദ്യോഗികമായി നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്. 'എൽ.ഡി. ക്ലർക്ക്, എടവക ഗ്രാമപഞ്ചായത്ത്' എന്ന വിലാസത്തിൽ അയച്ചു നൽകുന്നതിനായി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക വിലാസത്തിൽ അയക്കുന്നതിന് പകരം ടിയാന്റെ വീട്ടുപേരിലാണ് അയച്ചുനൽകിയത്. ടിയാൻ ഹൈക്കോടതിയിൽ നൽകിയ അപ്പീൽ വിജിലൻസ് കോടതി വിധി മരവിപ്പിച്ചിട്ടുണ്ടെങ്കിലും റദ്ദാക്കിയിട്ടില്ലാത്തതിനാൽ തൽക്കാലം മറ്റ് നടപടികളൊന്നും സ്വീകരിക്കേണ്ടതില്ല എങ്കിലും ഉത്തരവിൽ ഗ്രാമപഞ്ചായത്ത് വിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും വീട്ടുപേരിലേക്ക് ഒരു പകർപ്പ് അയച്ചുനൽകാവുന്നതാണെന്ന്, അന്ന് ഫയൽ കൈകാര്യം ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ട് നോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, പ്രസ്തുത ഉത്തരവ് എടവക/തിരുനെല്ലി പഞ്ചായത്ത് ഓഫീസുകളിലേക്ക് ഔദ്യോഗികമായി അയച്ചുനൽകിയതായി ഫയലുകളിൽ കാണുന്നില്ല.*

*ശ്രീ. കെ.ജെ. ജോസഫിന് 01/06/2013 മുതൽ ഉപജീവന ബത്ത* **(Subsistence Allowance)** *നൽകിവരുന്നത് ഗ്രാമപഞ്ചായത്തിന് കടുത്ത സാമ്പത്തിക ബാധ്യതയാകുന്നു എന്ന് ചൂണ്ടിക്കാട്ടി, തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 01/09/2018-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകുകയുണ്ടായി. പ്രസ്തുത കത്തിന്മേൽ സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ ഫയൽ നോട്ടിൽ, ശ്രീ. കെ.ജെ. ജോസഫിനെതിരായ വിജിലൻസ് കേസിൽ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും അത് നിലവിൽ തീർപ്പാക്കിയിട്ടില്ലെന്നും മനസ്സിലാക്കുന്നു; ആയതിനാൽ ഈ വിവരം അറിയിച്ചുകൊണ്ട് തിരുനെല്ലി പഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകാവുന്നതാണ്" എന്ന് രേഖപ്പെടുത്തി കരട് കത്ത് അംഗീകാരത്തിനായി സമർപ്പിച്ചു. ഈ ശുപാർശ ജൂനിയർ സൂപ്രണ്ടായ ശ്രീ. ബാലസുബ്രഹ്മണ്യൻ 'അംഗികരിക്കാവുന്നതാണ്' എന്ന് രേഖപ്പെടുത്തി മേലധികാരിക്ക് സമർപ്പിക്കുകയാണ് ചെയ്തത്.*

*ജീവനക്കാരുടെ അച്ചടക്ക നടപടികളുടെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ.ബാലസുബ്രഹ്മണ്യൻ പി.കെ., തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നൽകിയ മറുപടിയിൽ വസ്തുതകൾ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്, "ശ്രീ. കെ ജെ. ജോസഫിന്റെ വിജിലൻസ് കേസിലെ ശിക്ഷാവിധി ബഹു. ഹൈക്കോടതി മരവിപ്പിച്ചിട്ടുണ്ടെന്നും, കേസിൽ അന്തിമതീർപ്പ് വരുന്നത് വരെ ചട്ട പ്രകാരമുള്ള ഉപജീവന ബത്ത നൽകേണ്ടതാണെന്നും' ഉള്ള മറുപടിയാണ് നൽകിയത്. എന്നാൽ, ഹൈക്കോടതി ശിക്ഷാവിധി മരവിപ്പിച്ചത് ശിക്ഷ നടപ്പിലാക്കുന്നത് തടയാൻ മാത്രമുള്ളതായിരുന്നു; അത് ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിനെ യാതൊരുവിധത്തിലും ബാധിക്കുന്ന ഒന്നായിരുന്നില്ല. പഞ്ചായത്ത് പ്രസിഡന്റ് സാമ്പത്തിക ബാധ്യത ചൂണ്ടിക്കാട്ടിയിട്ടും ജൂനിയർ സൂപ്രണ്ട് ഫയൽ വിശദമായി പരിശോധിച്ചില്ല എന്ന് മാത്രമല്ല, ശ്രീ. കെ.ജെ. ജോസഫിനെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിനെക്കുറിച്ച് ഫയൽ നോട്ടിൽ പരാമർശിച്ചതുമില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഫയലിൽ ഉണ്ടായിരുന്നിട്ടും അത് ഗൗരവമായി പരിശോധിക്കാതെയും ആവശ്യമായ*

*കുറിപ്പുകൾ രേഖപ്പെടുത്താതെയും ഫയൽ സമർപ്പിച്ചത് ടിയാന്റെ ഭാഗത്തുനിന്നുണ്ടായ കുറ്റകരമായ അനാസ്ഥയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.*

*ശ്രീ. കെ. ജെ. ജോസഫിന് 24/06/2013 മുതൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും ഉപജീവനബത്ത നൽകുന്നതിൽ ആരും എതിർപ്പ് രേഖപ്പെടുത്താത്ത പശ്ചാത്തലത്തിലാണ് പ്രസ്തുത നടപടി തുടരാൻ ശുപാർശ ചെയ്തതെന്ന ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ.യുടെ വിശദീകരണം അംഗീകരിക്കാനാവില്ല. ഫയൽ കൈകാര്യം ചെയ്തതിൽ ടിയാന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ, ഈ വിഷയത്തിൽ ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.*

**6.** മേൽ സാഹചര്യത്തിൽ, **KSR Part III** ചട്ടം **3(a)** പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചതിനാലും ടിയാനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, പരാമർശ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് **15** ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, വയനാട്. *(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ, മുൻ ജൂനിയർ സൂപ്രണ്ട് (റിട്ട.), ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, വയനാട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/182/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 23-05-2026 10:38:41
സെക്ഷൻ ഓഫീസർ